LIBRARY ARCHIVES Kerala Legislative Assembly

## മിഷൻ 676-ൽ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ

**238 (903)** ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം നൽകുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള ജല അതോറിറ്റിയിൽ നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് മിഷൻ 676-ൽ വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ ജലനിധി, ഭൂഗർഭ-ജല വകുപ്പുകളും മിഷൻ 676-ൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതിയിലൂടെ വിവിധ ജില്ലകളിലായി 1550 കുടിവെള്ള പദ്ധതികളിലൂടെ ഏകദേശം 9.6 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് മിഷൻ 676-ൽ ലക്ഷ്യമിടുന്നത്.

മഴവെള്ള സംഭരണി (100 എണ്ണം), തടയണ (10 എണ്ണം), അടിയണ (1) കുഴൽകിണർ/ട്യൂബ്‌വെൽ-ന്റെ നിർമ്മാണം (936 എണ്ണം), ഹാൻഡ് പമ്പ് സ്കീം (629 എണ്ണം), ചെറുകിട കുടിവെള്ള പദ്ധതികൾ (859 എണ്ണം) എന്നിവയാണ് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭൂജലവകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ജല അതോറിറ്റി നിലവിൽ നടന്നുവരുന്ന പദ്ധതികളുടെ അവലോകന യോഗം വിവിധ തലത്തിൽ നടത്തുകയുണ്ടായി. സർക്കാരിന്റെ ശേഷിക്കുന്ന 676 ദിവസങ്ങൾക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തുന്ന തിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികളെ ജില്ലതിരിച്ച് ആദ്യത്തെ 100 ദിവസം 101-200, 201-300, 301-400, 401-500, 501-676 എന്ന ക്രമത്തിൽ തരംതിരിച്ച് പദ്ധതി പൂർത്തീകരണത്തിനുവേണ്ട കർമ്മപദ്ധതി തയ്യാറാക്കുകയുണ്ടായി. ഗുണഭോക്തൃ സംഘങ്ങളും ഗ്രാമപഞ്ചായത്തും ഗ്രാമപഞ്ചായത്തുകളെ സഹായിക്കാനായി നിയോഗിച്ചിട്ടുള്ള സഹായസംഘടനയും കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഉദ്യോഗസ്ഥരും ചേർന്നാണ് ജലനിധി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നത്. ജില്ലാ ഓഫീസുകളിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഭൂജലവകുപ്പ് രൂപരേഖ തയ്യാറാക്കിയത്.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്ന തിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ ഹെഡ്ഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

ജലനിധി പദ്ധതികളെല്ലാംതന്നെ ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിവിധ ഘട്ടങ്ങളിലാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി നിർവ്വഹണത്തിന് സഹായിക്കാനുമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തിലും കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മേഖലാതലത്തിലും പഞ്ചായത്തുതലത്തിലും സംസ്ഥാനതലത്തിലും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ ജലനിധി സ്വീകരിച്ചു വരുന്നു. ഭൂജലവകുപ്പ് 7.2 കോടി രൂപ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൻ കീഴിലും 1.25 കോടി രൂപ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലും ലഭ്യമാക്കി യിട്ടുള്ളതിൻപ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ 2014-15 കാലയളവിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭൂജലവകുപ്പ് വഴി കൈവരിച്ചിട്ടുണ്ട്.

| | |
|---|---|
| മൈക്രോ വാട്ടർ സപ്ലൈ സ്കീം | - 87 എണ്ണം |
| ഹാന്റ് പമ്പ് പദ്ധതി | - 53 എണ്ണം |
| ബോർവെൽ/ട്യൂബ് വെൽ | - 377 എണ്ണം |
| ഹാന്റ് പമ്പ് റിപ്പയർ | - 299 എണ്ണം |

**കനോലി കനാൽ ജലഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി**

**239 (904)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതയായ കനോലി കനാൽ ജല ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ വിനിയോഗിച്ചെന്നും വിശദമാക്കാമോ ;

(സി) മലപ്പുറം ജില്ലയിൽ കനാലിന്റെ പ്രവൃത്തി ഏതുഘട്ടംവരെ പൂർത്തിയായിട്ടുണ്ട് ;

(ഡി) ശേഷിക്കുന്ന ഭാഗം ഇരുകരകളും കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കോഴിക്കോട് ജില്ലയിലെ വടകരവരെ 208 കി.മീ. ദൈർഘ്യത്തിലുള്ള ജലപാതയാണ് കനോലി കനാൽ എന്നറിയപ്പെടുന്നത്. പ്രസ്തുത ജലപാതയിൽ പ്രകൃത്യായുള്ള ജലപാതകളും നിർമ്മിത കനാലുകളും പി.സി. കനാൽ, റ്റി.കെ. കനാൽ, കനോലി കനാൽ, ബി.കെ. കനാൽ, ഇ.കെ. കനാൽ, പയ്യോളി കനാൽ തുടങ്ങിയവ ഉൾപ്പെടുന്നു. നിലവിൽ ഇത് സംസ്ഥാന ജലപാതയാണ്. എന്നാൽ പ്രസ്തുത കനാൽ ദേശീയ ജലപാതയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷനിലും സംസ്ഥാന ഫണ്ടിലും ഉൾപ്പെടുത്തി വിവിധ ഭാഗങ്ങളിലായി 15.54 കി.മീ. നീളത്തിൽ 7 പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ റ്റി.കെ. കനാലിൽ രണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും മറ്റൊരു പ്രവൃത്തി ഇ.കെ. കനാലിൽ 85%

LIBRARY ARCHIVES Kerala Legislative Assembly